"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വകുപ്പ്- ജീവനക്കാര്യം- അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയുടെ (AHADS) കീഴിൽ സാക്ഷരതാ ഇൻസ്ട്രക്ടറായി ജോലി ചെയ്തിരുന്ന ശ്രീമതി.കാളിയമ്മയ്ക്ക് (w/o നഞ്ചൻ, വിഷ്ണു നിവാസ്, പാലൂർ ) വനം വകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.15/2022/F&WLD തീയതി,തിരുവനന്തപുരം, 24-03-2022.

പരാമർശം:-
1. സ.ഉ.(കൈ)നം.56/2021/ത.സ്വ.ഭ.വ. തീയതി 19.2.2021.
2. സ.ഉ (കൈ)നം.15/2021/വനം തീയതി 24.08.2021.
3. ശ്രീമതി. കാളിയമ്മ, ഗ്രാമവികസന കമ്മീഷണർ മുൻപാകെ സമർപ്പിച്ച 03.08.2021-തീയതിയിലെ അപേക്ഷ.
4. തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പിന്റെ 31.10.2021-തീയതിയിലെ ത.സ്വ.ഭ.വ.ഐബി2/24/2019-ത.സ്വ.ഭ.വ. നമ്പർ അനൗദ്യോഗിക കുറിപ്പ്.
5. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.12.2021-തീയതിയിലെ E1-1523/2012 നമ്പർ കത്ത്.

**ഉത്തരവ്**

നിലവിൽ പ്രവർത്തനം അവസാനിപ്പിച്ച അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയിൽ (AHADS) ജോലി ചെയ്തിരുന്ന ശ്രീമതി. പാപ്പാത്തി മുതൽ പേർ സർക്കാർ സർവ്വീസിൽ ജോലി നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത MA 1052/2020 in OA(EKM) 965/2020 നമ്പർ കേസിലെ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18.08.2020-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ഹർജ്ജിക്കാരായ ശ്രീമതി. പാപ്പാത്തി ഉൾപ്പെടെ 32 പേരെ വനംവകുപ്പിലും, തദ്ദേശസ്വയംഭരണ വകുപ്പിലുമായി അവരുടെ യോഗ്യതയ്ക്കനുസരിച്ച് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് വനം വകുപ്പിൽ നിയമനം ലഭിക്കുന്നതിന് താത്പര്യം പ്രകടിപ്പിച്ച 18 പേരുടെ പട്ടിക തദ്ദേശ സ്വയംഭരണ വകുപ്പ് വനം വകുപ്പിന് നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടി 18 ജീവനക്കാരെ വനംവകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകി കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവാകുകയുമുണ്ടായി.

2. പരാമർശം (1) ഉത്തരവിന്റെ അനുബന്ധം ക്രമ നമ്പർ 32-ൽ ഉൾപ്പെട്ട ശ്രീമതി.കാളിയമ്മ, ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റുകയോ, അഹാഡ്സിൽ ജോലി ചെയ്തിരുന്നതിന്റെ തെളിവുകൾ ഹാജരാക്കുകയോ ചെയ്തില്ലെന്നും, ആയതിനാൽ നിയമനം നൽകുന്നതിനുള്ള തുടർ നടപടികളിൽ ടിയാളെ പരിഗണിക്കുകയുണ്ടായില്ലെന്നും, ആവശ്യമായ രേഖകൾ സഹിതം വനം വകുപ്പിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം ശ്രീമതി.കാളിയമ്മ അപേക്ഷ നൽകിയിട്ടുണ്ടെന്നും, അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയിൽ സാക്ഷരതാ ഇൻസ്ട്രക്ടറായി ജോലി നോക്കിയിരുന്ന സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളതായും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയും, ശ്രീമതി.കാളിയമ്മയുടെ പരാമർശം (3) അപേക്ഷ ഉള്ളടക്കം ചെയ്തു കൊണ്ടുള്ള ഗ്രാമവികസന കമ്മീഷണറുടെ പ്രസ്തുത റിപ്പോർട്ട് തുടർ നടപടിക്കായി പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ്

ലഭ്യമാക്കുകയുണ്ടായി. ശ്രീമതി.കാളിയമ്മയ്ക്ക് വനം വകുപ്പിൽ, പാലക്കാട് ജില്ലയിൽ, മണ്ണാർക്കാട് ഡിവിഷനിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി ആയി നിയമനം നൽകുന്നതിന് പരാമർശം (5) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ ചെയ്യുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിന്റെ അനുബന്ധം ക്രമ നമ്പർ 32-ൽ ഉൾപ്പെട്ട ശ്രീമതി.കാളിയമ്മയെ (w/o നഞ്ചൻ, വിഷ്ണു നിവാസ്, പാലൂർ ഊര്) പാലക്കാട് ജില്ലയിൽ, മണ്ണാർക്കാട് ഡിവിഷനിൽ വാച്ചർ തസ്തികയിൽ ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്ന ടിയാളെ വനം വകുപ്പിലെ സ്ഥിരം തസ്തികയിലേക്ക് നിയമനം ക്രമീകരിക്കരുത്.
- ടി തസ്തിക ടിയാൾ വിരമിക്കുന്നതോടൊപ്പം ഇല്ലാതാകുന്നതാണ്.
- സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകുന്ന തീയതി മുതൽ മാത്രമേ ടിയാൾക്ക് സേവന ആനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു തങ്കച്ചി.എം.കെ
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ), തിരുവനന്തപുരം.
ശ്രീമതി.കാളിയമ്മ [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ) മുഖേന].
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർക്കാട്.
വൈൽഡ് ലൈഫ് വാർഡൻ, സൈലന്റ് വാലി ഡിവിഷൻ, മണ്ണാർക്കാട്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്.
വെബ്& ന്യൂ മീഡിയ, ഐ&പി.ആർ.ഡി, സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Noushad S**
**Date: 24-03-2022 17:24:51**
സെക്ഷൻ ഓഫീസർ.